**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **12.03.2018-ൽ മറുപടിക്ക്**

**ചോദ്യം നം. 2827**

**വലിയതുറ-പൂന്തുറ ഫിഷിംഗ് ഹാർബറുകൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | വലിയതുറ-പൂന്തുറ ഭാഗത്തെ മത്സ്യബന്ധനം സുഗമമാക്കുന്നതിനും മത്സ്യവിപണനം സാധ്യമാക്കുന്നതിനുമായി മാതൃകാപഠനം, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കി വലിയതുറ-പൂന്തുറ ഫിഷിംഗ് ഹാർബറുകൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ), (ബി) & (സി) | കേന്ദ്ര സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ച് നിർമ്മാണം നടന്നുവരുന്ന ഹാർബറുകൾക്കു പോലും ഇപ്പോൾ കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നില്ല. ആയതിനാൽ നിർമ്മാണം നടന്നുവരുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ പൂർത്തീകരണവും പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ രണ്ടും മൂന്നും ഘട്ടങ്ങളിലുള്ള വികസനത്തിനും നവീകരണത്തിനുമാണ് സർക്കാർ മുൻഗണന നൽകി വരുന്നത്. പൂന്തുറ, വലിയതുറ ഭാഗങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ബീച്ച് ലാന്റിംഗ് സൗകര്യം ഒരുക്കുന്നതിനുള്ള സാദ്ധ്യത പഠിക്കുന്നതിനായുള്ള കൺസെപ്റ്റ് റിപ്പോർട്ട് പരിശോധിച്ചു വരുന്നു. പൂന്തുറയിൽ ഒരു ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റിൽ വലിയതുറ, പൂന്തുറ പദ്ധതികൾക്കായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. എങ്കിലും ആവശ്യമായ തുക അനുവദിക്കാമെന്ന് ബഹു. ധനമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. |
| (ബി) | 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഈ പദ്ധതിയ്ക്കായി തുക വകയിരുത്തിയിരുന്നുവോ; ഇക്കാര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | | |
| (സി) | ഓഖി ദുരന്തത്തെത്തുടർന്ന് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വിഷമതകൾ കണക്കിലെടുത്ത് പ്രസ്തുത തുറമുഖങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ